# ഉത്തരാധുനിക ചെറുകഥ

ഡോ. അന്നം സിനി എ.പി.
അസി.പ്രൊഫസർ
മലയാള ഗവേഷണവിഭാഗം
ലിറ്റിൽ ഫ്ലവർ കോളേജ്,
ഗുരുവായൂർ

# മലയാളചെറുകഥയിലെ ആധുനികത

1. 1960കളോടെയാണ് മലയാളത്തിൽ ആധുനികത കടന്നു വരുന്നത്
2. രൂപ പരമായ പരിണാമങ്ങൾ
3. ചെറു കഥയുടെ വിഷയം –സാമൂഹികദാർശനിക പ്രശ്നങ്ങൾ, ചിന്താ പ്രസ്ഥാനങ്ങൾ, തത്വാധിഷ്ഠിത വിചാരങ്ങൾ
4. മൂല്യനിഷേധം അല്ല പുതിയ മൂല്യങ്ങളുടെ സൃഷ്ടി
5. പുതിയ ചിന്താപദ്ധതി
6. സാമൂഹികാവബോധം വലിയൊരളവോളം പ്രകടിപ്പിക്കുന്നു.

7. നാഗരികമായ ജീവിത സാഹചര്യങ്ങളിൽ മനുഷ്യബന്ധങ്ങൾക്കും മൂല്യ സങ്കല്പങ്ങൾക്കും വ്യക്തിത്വങ്ങൾക്കും സംഭവിക്കുന്ന പരിണാമം

8 അപൂർവ്വമായ വ്യക്തിത്വവും സംഘർഷാത്മകമായ ജീവിത സന്ദർഭവും

9 പുതിയ ജീവിത സാഹചര്യങ്ങൾക്കനുസരിച്ച് കഥ മാറുന്നു.

10 പുതിയ രൂപവും ഭാവവും കഥകൾക്ക് കൈവരുന്നു.

11 1970-80 കാലഘട്ടങ്ങളിൽ ഈ കഥകളോട് നിഷേധമോ നിരാകരണമോ ഉണ്ടായി. തുടർന്ന് പത്ത് വർഷത്തോളം ഇതേ രീതിയിൽ കഥാരചന തുടർന്നു.

12 കഥാകൃത്തുക്കൾ - എം.മുകുന്ദൻ, ഒ.വി.വിജയൻ, വി.കെ.എൻ, സക്കറിയ, എം.പി.നാരായണപ്പിള്ള, മാധവിക്കുട്ടി, കാക്കനാടൻ

# ഉത്തരാധുനിക ചെറുകഥ

1. 1990കൾക്ക് ശേഷമാണ് ഉത്തരാധുനിക പ്രവണതകൾ മലയാള കഥാസാഹിത്യത്തിൽ ആരംഭിക്കുന്നത്.
2. കഥയെഴുത്തിൻ്റെ കഥയെ കുറിച്ചും, കഥാകാരൻ്റെ യാന്ത്രികാവസ്ഥയെ കുറിച്ചും കഥകളെഴുതുന്നു.
3. പഴയ കൃതികളിലെ കഥാപാത്രങ്ങളെയും സംഭവങ്ങളെയും ആധുനിക കാലത്തേക്ക് കൊണ്ടുവരികയും കാലത്തിനനുസരിച്ച് മാറ്റങ്ങൾ വരുത്തി അവതരിപ്പിക്കുകയും ചെയ്യുന്നു.
4. മൂല്യങ്ങൾ വില കെട്ട വസ്തുവായി മാറിയിരിക്കുന്ന അവസ്ഥ അവതരിപ്പിക്കുന്നു.

5. യഥാർത്ഥ ജീവിതത്തേക്കാൾ അഭികാമ്യം റിയാലിറ്റി ഷോകളാണെന്ന ധാരണ

6 ആധുനികതയുടെ നിരാകരണവും നിക്ഷേധവും പ്രതിഷേധവും പ്രതിഫലിക്കുന്നു

7 മുമ്പ് അഭികാമ്യമായത് വലിച്ചെറിയേണ്ടവയാണെന്ന ധാരണ വന്നു.

8 ലൈംഗികത തുറന്ന് അവതരിപ്പിക്കുന്നു.

9 ഉത്തരാധുനിക ജീവിതം തന്നെ സാഹിത്യത്തിലും വരുന്നു.

10 അപമാനവീകരണം സംഭവിക്കുന്നു.

11 ആധുനികതയുടെ തുടർച്ചയും ആധുനികതയിൽ നിന്ന് വ്യത്യസ്തമായ പ്രസ്ഥാനമായും വരുന്നു.

12. ഉപരിപ്ലവത, ചരിത്രബോധത്തിന്‍റെ കുറവ്, പുതിയ വൈകാരികസ്വരം, സാങ്കേതിക വിദ്യകള്‍ക്ക് അമിത പ്രാധാന്യം.

13 ഉത്തരാധുനികത ആഗോളീകരവും സമകാലികവുമാണ്.

14. കലാവസ്തുവിനെ തന്നെ വില്പന ച്ചരക്കാക്കുന്നു.

15 അരാജകത്വവും മതമൗലികവാദവും

16. ഉത്തരാധുനികത നവ കാല്പനികതയുമായി ചേര്‍ന്ന് കമ്പോള സംസ്കാരമായി മാറുന്നു.

17. ദേശീയതയും ഉപദേശീയതയും സാര്‍വ്വദേശീയതയും ഇതിലുണ്ട്

18 ആദര്‍ശപരത – ദളിത് സ്ത്രീ പ്രസ്ഥാനങ്ങള്‍

# പ്രിയ എ.എസ്.

കുടുംബ പശ്ചാത്തലം

- 1967ൽ ചേർത്തലയിൽ ജനനം
- ആനന്ദവല്ലി – സദാശിവൻ
- ഉണ്ണി  ഭർത്താവ്, തന്മയ്- മകൻ

വിദ്യാഭ്യാസം

- ഇ.സി.ഇ.കെ.യൂണിയൻ ഹൈസ്കൂൾ
- മഹാ രാജാസ് കോളേജ് എറണാകുളം- ബി.എ. ഇംഗ്ലീഷ്
- എം.എ.-പ്രൈവറ്റ് സ്റ്റഡി .

തൊഴിൽ

- കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയിൽ സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

പുരസ്കാരങ്ങൾ

- 2003 – ലളിതാംബിക അന്തർജ്ജനം അവാർഡ്- മഞ്ഞ മരങ്ങൾ ചുറ്റിലും
- 2004- കേരള സാഹിത്യ അക്കാദമി അവാർഡ് – ജാഗരൂക
- 2014 – സാഹിത്യ അക്കാദമി അവാർഡ് – വിവർത്തനം –
- 2012 സിദ്ധാർത്ഥ സാഹിത്യ അവാർഡ് – അമ്മേം കുഞ്ഞുണ്ണീം കുഞ്ഞുണ്ണിമമ്മേം
- കേരള സാഹിത്യ അക്കാദമി എൻഡോവ്മെന്റ്
- എസ്. ബി.ഐ. അവാർഡ്
- വി.കെ. ഉണ്ണികൃഷ്ണൻ അവാർഡ് – ജന്മാന്തര വാഗ്ദാനങ്ങൾ - വിവർത്തനം
- ഗൃഹലക്ഷ്മി അവാർഡ്
- രാമു കാര്യാട്ട് അവാർഡ്
- ഭീമ അവാർഡ് – ചിത്രശലഭങ്ങളുടെ വീട്

കൃതികൾ

- സ്മരണകൾ

1. ഒഴുക്കിൽ ഒരില
2. കഥാബാക്കി
3. മായക്കാഴ്ചകൾ

- ബാലസാഹിത്യം

1. ചിത്രശലഭങ്ങളുടെ വീട്
2. എന്തു പറ്റി എന്റെ നീലപ്പൂവിന്
3. കഥ കഥ പൈങ്കിളി
4. അമ്മേം കുഞ്ഞുണ്ണീം കുഞ്ഞുണ്ണി മമ്മേം
5. അമ്മേം കുഞ്ഞുണ്ണീം മൂക്കുരുമ്മി മൂക്കുരുമ്മീ

കഥകൾ

1. ഓരോരോ തിരിവുകൾ
2. മഞ്ഞമരങ്ങൾ ചുറ്റിലും
3. പ്രിയ എ.എസിന്റെ കഥകൾ
4. പൂക്കാതിരിക്കാനെനിക്കാവതില്ലെ
5. വയലറ്റ് പൂച്ചകൾക്ക് ശൂ വയ്ക്കാൻ തോന്നുമ്പോൾ
6. ജാഗരൂക

വിവർത്തനം

1. കുഞ്ഞു കാര്യങ്ങളുടെ ഒടേ തമ്പുരാൻ - God of Small things – അരുന്ധതി റോയ്
2. ജന്മാന്തരവാഗ്ദാനങ്ങൾ - ജയശ്രീ മിശ്ര – Ancient promises

കഥാ രചനയുടെ സവിശേഷതകൾ

1. വ്യക്തി വ്യവഹാരങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന നിഗൂഢതകൾ ചുഴിഞ്ഞെടുക്കുന്നു.
2. പ്രകൃതിയോടുള്ള ഇണക്കം കഥകളുടെ സംഗീതമാണ്.
3. സ്വതന്ത്രമായ ഭാവനയും ആഖ്യാനരീതിയും
4. രോഗാതുരതയും അനാരോഗ്യവും കഥാ രചനയ്ക്കുള്ള പ്രചോദനമാണ്.
5. അനുകമ്പയ്ക്കു വേണ്ടി കഥാകാരി കൈ നീട്ടുന്നില്ല.
6. നിസ്സഹായത , ദുരിതം, രോഗം, സ്നേഹ ശൂന്യത, വിവാഹ മോചനാനുഭവം, ആശുപത്രികൾ ഇവയെല്ലാം കഥാ പ്രമേയങ്ങളായി വരുന്നു.
7. ഭാഷയുടെയും ശൈലിയുടെയും സ്വാഭാവികമായ ഇണക്കവും ഒഴുക്കും കഥകൾക്കുണ്ട്.
8. ഒറ്റപെട്ട ഏകാന്തവ്യക്തിത്വങ്ങളെ കേന്ദ്രീകരിക്കുന്നു.
9. ഇവരുടെ കഥകൾ ചെറിയ വൃത്തത്തിൽ വ്യാപരിക്കുന്നു. ലളിതമായ ആഖ്യാനവും ഇമേജുകൾ കൊണ്ടൊരു ഭാഷാരീതിയും ഇവയിൽ കാണാം

- ആൾക്കൂട്ടത്തിൽ ഒറ്റപ്പെടുന്ന സ്ത്രീകളുടെ കഥകൾ

1. പയ വള്ളികളിൽ തൂങ്ങി നമ്മളൊക്കെ – പത്മിനി,
2. ഒറ്റ മുലച്ചി – കല്യാണി
3. ഭാർഗ്ഗേടത്തി യുടെ വള – ദുർഗ്ഗ
4. ദാമ്പത്യ അവിശ്വസ്തത – താമരക്കനി
5. ജാഗരൂക- സ്ത്രീയുടെ അസ്വാതന്ത്ര്യം
6. സാന്ത്വനത്തിൻ്റെ കഥ – ഉള്ളിത്തീയലും ഒമ്പതിൻ്റെ പട്ടികയും
7. താളുകൾക്കിടയിലൊരു മയിൽപ്പീലി. – രോഗം, ആശുപത്രി.

“ ആശുപത്രികളും ഞാനും കഥയും ചേർന്നതാണ് എന്റെ യീ കുറിപ്പുകൾ ആശുപത്രികളെ കുറിച്ച് ഞാനിങ്ങനെ പേർത്തും പേർത്തും പറയുന്നത് വായനക്കാരെ നേടാനുള്ള ഞൊടുക്കുവേലയാണെന്ന ആരോപണം ഞാനിതിനകം കേട്ടു കഴിഞ്ഞതാണ്. ആശുപത്രിയുടെ ഇടനാഴിയിൽ വെച്ചെന്നോ എന്നെ അണച്ചു പിടിച്ചൻ്റെ തലവരയായി മാറിയവളാണ് എൻ്റെ സരസ്വതി എന്നു മാത്രം അവർക്കെൻ്റെ മറുപടി ( ഒഴുക്കിൽ ഒരില - 2003)

# പയറുവള്ളികളിൽ തൂങ്ങി നമ്മളൊക്കെ

- എല്ലാം നഷ്ടപ്പെടുമ്പോൾ മനുഷ്യൻ എവിടെയെങ്കിലും കയറിപ്പിടിക്കും' ഓരോരുത്തർക്കും ഒരു പിടിവള്ളി വേണം. ജീവിതത്തിലെ നഷ്ടങ്ങൾ പരിഹരിക്കുന്നത് അങ്ങനെയാണ്. ഒരല്പം ആശ്വാസത്തിനും സാന്ത്വനത്തിനുമായി.
- കൃഷ്ണൻ വല്യച്ഛൻ പത്മിനിയെ കൂട്ടി വരുന്നു.സാന്ത്വനയും അവളുടെ അമ്മയും ചേർന്ന് പത്മിനിയെ പഴയ പത്മിനിയാക്കണം
- എന്നാലവർക്ക് പത്മിനിയിൽ കുഴപ്പമൊന്നും കാണാൻ കഴിയുന്നില്ല.
- പത്മിനി – കഥാപാത്രവിവരണം
- പത്മിനിയും നാരായണനുമായുള്ള ബന്ധം
- വല്യച്ഛന് പത്മിനിയെ സംബന്ധിച്ച സങ്കടത്തിന് കാരണമെന്ത്?
- മടുപ്പു കൊണ്ട് ചത്തുപോകാൻ ഇതിൽ കൂടുതലെന്തു വേണം?

- ഒരേ ജന്മത്തിലെ രൂപ പ രിന്നാമങ്ങൾക്ക് ശ്രമിക്കുകയാകും പത്മിനി
- വീടും പത്മിനിയും തമ്മിലുള്ള ബന്ധം കഥയിൽ എങ്ങനെ അവതരിപ്പിക്കുന്നു
- സാന്ത്വനയും അമ്മയും തമ്മിലുള്ള ബന്ധം എങ്ങനെ?
- വല്ല്യച്ഛനും പയറുവിത്തുകളും തമ്മിലുള്ള ബന്ധം
- ഭാര്യയ്ക്കും ഭർത്താവിനുമിടയിലെ പരസ്പര ധാരണപോലെ ഒന്ന് – വിശദീകരിക്കുക.

അസൈൻമെന്റ്

- പ്രിയയുടെ കഥ രചനയുടെ സവിശേഷതകൾ പയറു വള്ളികളിൽ തൂങ്ങി നമ്മളൊക്കെ എന്ന കഥയെ ആസ്പദമാക്കി വിവരിക്കുക

# നന്ദി